**NO.62-7/RAM/C4/2020-21**

**പുതുച്ചേരി സർക്കാർ**

**റീജ്യണൽ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസ്, മാഹി**

***

തീയ്യതി,09-11-2020

# <u>ദർഘാസ് പരസ്യം</u>

മാഹി റീജ്യണൽ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസ് പരിസരത്തുള്ള 15 തെങ്ങുകളുടെ പാകമായ ഫലങ്ങൾ ഒരു വർഷത്തേക്ക് (24-11-2020 മുതൽ 23-11-2021 വരെ) പറിച്ചെടുക്കുന്നതിനായി, മുദ്രവച്ചതും മത്സരസ്വാഭാവമുള്ളതുമായ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസിൽ പങ്കെടുക്കുന്നവർ അവരുടെ പേരും മേൽവിലാസവും ഫോൺനമ്പറും ദർഘാസിൽ എഴുതേണ്ടതാണ്. "തേങ്ങ പറിച്ചെടുക്കാനുള്ള ദർഘാസ്" എന്നെഴുതിയ ദർഘാസ് ഉൾകൊള്ളുന്ന കവർ **23.11.2020** (തിങ്കളാഴ്ച) ഉച്ചയ്ക്ക് 3:00 മണി വരെ റീജ്യണൽ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകുന്നേരം 3:45 മണിക്ക് തുറക്കുന്നതുമാകുന്നു. ലേലത്തിൽ പങ്കെടുക്കുന്നവർ ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി 1000 രൂപ (ആയിരം രൂപ) നിരതദ്രവ്യം കെട്ടിവെക്കേണ്ടാതാകുന്നു. നിരതദ്രവ്യം കെട്ടിവെക്കാത്ത ദർഘാസ് യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം ദർഘാസ് തുറന്നതിനു ശേഷം തിരിച്ചുകൊടുക്കുന്നതാകുന്നു. ദർഘാസ് വിജയിച്ച ആൾ രേഖപ്പെടുത്തിയ തുക റീജ്യണൽ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസിലടച്ചു രസീത് വാങ്ങേണ്ടതാകുന്നു.

ദർഘാസ് കാലയളവിൽ മരങ്ങൾക്കോ ഫലങ്ങൾക്കോ എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ സർക്കാർ ഉത്തരവാദിയാകുന്നതല്ല. സർക്കാർ ആവശ്യത്തിനോ പൊതുജനതാൽപര്യം മുൻനിർത്തിയോ യാതൊരു മുന്നറിയിപ്പും കൂടാതെ ഏതു മരവും മുറിക്കുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാകുന്നു. മേൽ വിവരിച്ച കാലയളവിൽ ഫലങ്ങൾ പറിച്ചെടുക്കുമ്പോൾ മുൻകൂട്ടി മേൽ പ്രസ്താവിച്ച ഓഫീസിൽ അറിയിക്കേണ്ടാതാകുന്നു.

ഈ ദർഘാസ് യാതൊരു കാരണമോ അറിയിപ്പോ കൂടാതെ അസാധുവാക്കാനോ നിർത്തിവെക്കാനോ ഉള്ള പരമാധികാരം താഴെ ഒപ്പിട്ടവരിൽ നിക്ഷിപ്തമാകുന്നു.

1/11/2020

**റീജ്യണൽ അഡ്മിനിസ്ട്രേറ്റർ**
**മാഹി**

To

All the Head of Offices / Institutions in Mahe region - with a request to display on the Notice Board of their respective Offices